(ബി) കരുവാറ്റ, ചെറുതന, ചേപ്പാട്, പട്ടണക്കാട് എന്നീ ഉന്നതതല ജല സംഭരണികളുടെ ഡിസൈൻ വാട്ടർ അതോറിറ്റിയിൽ ലഭ്യമായിരുന്നു. എന്നാൽ ചെറുതന കരുവാറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾക്ക് രണ്ട് പ്രാവശ്യം ഷെഡ്യൂൾ ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ ലംപ്സം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) ലംപ്സം ടെണ്ടർ സിസ്റ്റം ഏർപ്പെടുത്തിയത് ഉദ്യോഗസ്ഥന്മാരല്ല. എന്നാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ അടങ്ങുന്ന പി. ഡബ്ല്യു. ഡി. മാനുവൽ പ്രകാരമാണ് ലംപ്സം ടെണ്ടർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർ എവിടെയെങ്കിലും പ്രവർത്തിക്കുന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) ലംപ്സം ടെണ്ടർ സിസ്റ്റം മുഖേന ഏർപ്പെടുത്തുന്ന കരാറുകൾ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ, പ്ലാനിംഗ് എന്നിവ ഉൾപ്പെടെ പണി പൂർത്തിയാക്കുവാനായിട്ടുള്ളതാണെങ്കിലും ഓരോ ഇനത്തിനും വേണ്ടി വരുന്ന തുക വെവ്വേറെ രേഖപ്പെടുത്താറില്ല. അതിനാൽ ഈ വകയിൽ ചെലവാക്കിയ തുക വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

(ഇ) സപ്ലൈയിംഗ് ആന്റ് ലേയിംഗ് സംവിധാനം നടപ്പിലാക്കിയതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്താറായിട്ടില്ല. പണികൾ പൂർത്തിയായതിനു ശേഷം മാത്രമേ ഇത് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

മിനറൽ വാട്ടർ ബോട്ടലിംഗ് പ്ലാന്റുകൾ

57 (4665) .ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മിനറൽ വാട്ടർ ബോട്ടലിംഗ് പ്ലാന്റുകളാണുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും സ്ഥാപനം പൊതുമേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ ;

.(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു മിനറൽ വാട്ടർ ബോട്ട്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്ന കുടിവെള്ള പദ്ധതികൾ

58 (4666) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന വികസന പരിപാടിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly